I ഇ.ബി. XV- കേരള നിയമസഭ/V-7

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 07, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18(*181) <u>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഓരോ സ്ഥാപനങ്ങളും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ, ടെക്നിക്കൽ, പ്രോജക്ട്

എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ, പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിക്കൽ, ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തൽ, ജീവനക്കാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുനഃസംഘടനയും ആധുനീകരണവും സാധ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനായി ശ്രീ. പോൾ ആന്റണി, ഐ.എ.എസ്. അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടും ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എന്ന പേരിൽ റിയാബിനെ ശക്തിപ്പെടുത്തുന്നതിന് നൽകിയിട്ടുള്ള നിർദ്ദേശവും സർക്കാർ പരിശോധിച്ചുവരികയാണ്. വ്യവസായ പാർക്കുകൾ-ക്കായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുമെന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ അധികഭൂമി കണ്ടെത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കേരളത്തിലെ 26 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിന് 15-ാം സ്ഥാനത്തേയ്ക്കുയരാൻ

കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 2022-23 വർഷത്തെ സംരംഭക വർഷമായി പ്രഖ്യാപിക്കുകയും പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സംരംഭക സംഗമം സംഘടിപ്പിക്കുകയും തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനായി ഹെൽപ്പ് ഡെസ്ക് സംവിധാനം ആരംഭിക്കുകയും ഇതുവരെ രജിസ്റ്റർ ചെയ്ത 34303 സംരംഭങ്ങൾവഴി 2235.94 കോടി രൂപയുടെ നിക്ഷേപവും 75003 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടുമെന്നാണ് കണക്കാക്കുന്നതെന്നും വ്യക്തമാക്കി. ധാതു ഖനനമേഖലയിൽ സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകുന്നത് തീരപ്രദേശങ്ങളിൽ പാരിസ്ഥിതിക അസന്തുലിതാവസ്ഥയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാതിരിക്കാനും കാരണമാകുമെന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവന-വേതന വ്യവസ്ഥകൾ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചും ജീവനക്കാരുടെ പെർഫോമൻസിനനുസരിച്ചും നിശ്ചയിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും ട്രാവൻകൂർ സിമന്റ്സിനെ മലബാർ സിമന്റ്സിന്റെ സബ്സിഡിയറി കമ്പനിയാക്കി മാറ്റുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും ട്രാക്കോ കേബിൾ കമ്പനിയെക്കുറിച്ച് പഠിച്ച്

റിപ്പോർട്ട് തയ്യാറാക്കാൻ റിയാബിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് ഏറ്റെടുത്തിട്ടുണ്ടെന്നും KEL (Kerala Electrical & Allied Engineering Co.Ltd.)-നെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും മലപ്പുറം ജില്ലയിൽ പ്രവാസികളുടെ നിക്ഷേപം ഉപയോഗിച്ച് സംരംഭക പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19(*182) <u>ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ഭാവിയിലേക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്ത് പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും ട്രാൻസ്ഗ്രിഡ് ഒന്നാം ഘട്ട പദ്ധതിയിൽ നാല് 220 കെ.വി AIS സബ്സ്റ്റേഷനുകളും അഞ്ച് 220 കെ.വി GIS സബ്സ്റ്റേഷനുകളും അഞ്ച് ലൈൻ പാക്കേജുകളും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ളവ ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുമെന്നും സഭയെ അറിയിച്ചു. ടി പദ്ധതിയുടെ രണ്ടാം ഘട്ടം

2026-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വയനാട് പയ്യമ്പിള്ളി മുതൽ കാസർഗോഡ് കരിന്തളം വരെയുള്ള 400 കെ വി ലൈൻ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാകുന്നതോടെ മലബാർ മേഖലയിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്നും പത്തനംതിട്ട ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടി ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെടുത്തി 244 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതോടെ കേരളത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റംവരെ 400 കെ.വി. ലൈൻ പവർ ഹൈവേ സാധ്യമാകുമെന്നും 250 കോടി രൂപയുടെ സാമ്പത്തിക ലാഭമുണ്ടാകുമെന്നും പ്രസ്തുത ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കുമെന്നും വൈദ്യുതി ലൈനിന് ദോഷകരമല്ലാത്ത രീതിയിൽ കൃഷി ചെയ്യുന്നതിന് അനുവാദം നൽകുമെന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെട്ട കോട്ടയം ലൈൻസ് പാക്കേജ്, കോലത്തുനാട് ലൈൻസ് പാക്കേജ് എന്നിവയുടെ കരാർ നൽകിയത് വ്യവസ്ഥകൾ പാലിച്ചല്ലെന്നാരോപിച്ച് നൽകിയ ഹർജിയിന്മേൽ അന്വേഷണം നടത്താൻ വിസമ്മതിച്ചുകൊണ്ട് സംസ്ഥാന ലോകായുക്ത ഉത്തരവായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20(*183) <u>സഹകരണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കാർഷിക മേഖലയുടേയും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടേയും നട്ടെല്ലായ സഹകരണ മേഖലയെ പൊതു-സ്വകാര്യ മേഖലകൾക്കൊപ്പം മൂന്നാമത്തെ മേഖലയായി മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധവുമായതിനാൽ ഇതിനെതിരെ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി/TDS ഈടാക്കുന്നതിനെതിരെ കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും ടി വിഷയത്തിൽ വിവിധ സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിക്കുകയും ചെയ്തിട്ടുള്ളതായി മന്ത്രി വ്യക്തമാക്കി. 12 വനിതാ സഹകരണ സംഘങ്ങൾ ആരംഭിച്ച് വിവിധ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സഹായം നൽകുന്നുണ്ടെന്നും കുടുംബശ്രീ/അയൽക്കൂട്ടങ്ങൾക്ക്

'മുറ്റത്തെ മുല്ല' വായ്പാ പദ്ധതിപ്രകാരം 10 ലക്ഷം രൂപവരെ ധനസഹായം നൽകുന്നുണ്ടെന്നും പ്രവർത്തനരഹിതമായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ റിവൈവൽ പാക്കേജിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21(*184) <u>സഹകരണമേഖലയെ ശാക്തീകരിക്കാൻ നടപടി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിനൽകിയ മറുപടിയിൽ, സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന പദ്ധതി ഇനത്തിലും എൻ.സി.ഡി.സി പദ്ധതി ഇനത്തിലുമായി 19623 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടത്തിവരുന്നതായും സഭയെ അറിയിച്ചു. ഏകീകൃത സോഫ്റ്റ്‌വെയർ, കോർബാങ്കിംഗ് സംവിധാനം (CBS) എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറായിട്ടുണ്ടെന്നും കലാകാരൻമാരുടെ സഹകരണസംഘവും യുവജന സഹകരണ സംഘങ്ങളും

രൂപീകരിച്ചിട്ടുണ്ടെന്നും കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)- ന്റെ കീഴിൽ നൈപുണ്യവികസന പരിശീലനകേന്ദ്രം ആരംഭിച്ചിട്ടുണ്ടെന്നും ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയും, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ അക്ഷര മ്യൂസിയം പദ്ധതിയും നടപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആധുനിക ബാങ്കിംഗ് രംഗത്തുള്ള എല്ലാ സംവിധാനങ്ങളും കേരള ബാങ്കിൽ ലഭ്യമാക്കുന്നതിന് വിപ്രോയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.